**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **30-06-2022 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ഇടയ്ക്കിടെ പൊട്ടുന്നതുമൂലം കുടിവെള്ളം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെ എത്ര തവണയാണ് പൈപ്പ് പൊട്ടിയിട്ടുള്ളത്; സ്ഥിരമായി പൈപ്പ് പൊട്ടുന്നതിന്റെ കാരണവും ഇതിന് പരിഹാരം എന്തെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട് . നാളിതുവരെ 51 എണ്ണം പൈപ്പ് പൊട്ടലുകളാണ് പ്രസ്തുത പൈപ്പ് ലൈനിൽ ഉണ്ടായിട്ടുള്ളത് . തകഴി മുതൽ കേളമംഗലം വരെ സ്ഥാപിച്ച 1000 എംഎം, എച്ച്ഡിപിഇ പൈപ്പുകളിൽ പർമ ബ്രാൻഡ് പൈപ്പുകളിലാണ് പൊട്ടലുകൾ ഉണ്ടാകുന്നത് . പൈപ്പ് നിരന്തരമായി കേടുപാടുകൾ സംഭവിക്കുന്നതിനുള്ള കാരണങ്ങൾ നിലവിൽ വിജലൻസിന്റെ അന്വേഷണത്തിലാണ് . ഇതു പരിഹരിക്കുന്നതിനായി പ്രസ്തുത പ്രവൃത്തി ചെയ്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ, കേടുപാടുകൾ സംഭവിക്കുന്ന തകഴി മുതൽ കേളമംഗലം വരെയുള്ള ഭാഗത്തെ പൈപ്പുകൾ മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പൈപ്പ് പൊട്ടുന്നത് ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; പൈപ്പ് മാറ്റുന്ന പദ്ധതിയ്ക്ക് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | തകഴി മുതൽ കേളമംഗലം വരെ മാറ്റി സ്ഥാപിക്കേണ്ട പൈപ്പ് ലൈനിൽ 510 മീറ്റർ മാറ്റി സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ അപ്രതീക്ഷിതമായി വന്ന മഴയും ഉയർന്ന ജലനിരപ്പും കാരണം മെയ് അവസാന വാരം മുതൽ നിർത്തിവച്ചിരിക്കുകയാണ് . |

സെക്ഷൻ ഓഫീസർ